ഉത്തരം

(എ ആന്റ് ബി) ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾ മുഖാന്തരം ആവശ്യപ്പെടുന്ന പക്ഷം ഗവൺമെന്റിന് അക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് പഞ്ചായത്ത്‌രാജ് ആക്ടിൽ നിയമമുണ്ട്. ഇതനുസരിച്ചുള്ള പല ശുപാർശകളും പരിഗണിച്ച് വരികയാണ്.

ഗ്രാമീണ റോഡുകളെ ജില്ലാതല റോഡുകളായി ഉയർത്താനുള്ള നടപടി

68 [684] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റു ജില്ലാതല റോഡുകളും പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളും പ്രധാന ജില്ലാതല റോഡായി ഉയർത്തുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇപ്രകാരം ഉയർത്തുന്നുണ്ടെങ്കിൽ അവികസിതമായ മേഖലയ്ക്കും കഴിഞ്ഞ കാലങ്ങളിൽ അവഗണിക്കപ്പെട്ട മേഖലയ്ക്കും അർഹമായ പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) അവികസിതമേഖലയ്ക്ക് അർഹമായ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ഒ.ഡി.ആർ. ഗണത്തിൽപ്പെടുന്ന റോഡുകൾ ജില്ലാ പഞ്ചായത്തിനു കൈമാറാനുള്ള നിർദ്ദേശം

69 [685] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.ഡ്ബ്ല്യു.ഡി.-യുടെ കൈവശമുള്ള ഒ.ഡി.ആർ. ഗണത്തിൽപ്പെടുന്ന റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറണമെന്നു നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്നറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി പി.ഡബ്ല്യു.ഡി. കാലാകാലങ്ങളിൽ ഏറ്റെടുത്ത ഈ റോഡുകൾ ജില്ലാ പഞ്ചായത്തിന് തിരികെ നൽകണമെന്ന നിർദ്ദേശം പ്രായോഗികമാണോ; ഇതിനെതിരെ ഉണ്ടായിട്ടുള്ള ജനവികാരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ റോഡുകൾ എം.ഡി.ആർ. ആയി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശത്തിന്മേൽ എന്ത് നിലപാടാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly